(സി) മത്സ്യസമൃദ്ധി പദ്ധതി വഴി വിവിധ ജില്ലകളിൽ 2014-15 കാലയളവിൽ കർഷകർക്ക് വിതരണം ചെയ്ത നാരൻ ചെമ്മീൻ വിത്തുകളുടെ വിശദാംശങ്ങളും ജില്ലകളിൽ റിപ്പോർട്ട് ചെയ്തിരിക്കുന്ന ഉൽപ്പാദനത്തിന്റെ കണക്കും ചുവടെ ചേർക്കുന്നു:

മത്സ്യസമൃദ്ധി പദ്ധതി ഒന്നാംഘട്ടം

ജില്ല	വർഷം	വിതരണം ചെയ്ത നാരൻ ചെമ്മീൻ വിത്തുകളുടെ എണ്ണം	പ്രതീക്ഷിത ഉൽപ്പാദനം
എറണാകുളം	2014-15	5 ലക്ഷം	6 ടൺ
കണ്ണൂർ	2014-15	1 ലക്ഷം	1 ടൺ

ഫിഷറീസ് തീരദേശ വകുപ്പിന്റെ പദ്ധതികൾ

146 (1887) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജകമണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ കീഴിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചെന്നും, ഇനി എന്തെല്ലാം പൂർത്തീകരിക്കാൻ ബാക്കിയുണ്ടെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ധർമ്മടം നിയോജകമണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയ പ്രവൃത്തികൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) ഫിഷറീസ് വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികളിൽ സമ്പാദ്യ ആശ്വാസ പദ്ധതി, സീ റാഞ്ചിംഗ്, ഭവന പുനരുദ്ധാരണം, സാനിറ്റേഷൻ എന്നീ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഭവന നിർമ്മാണ പദ്ധതി പൂർത്തീകരിക്കാൻ ബാക്കിയുണ്ട്.

മുഴപ്പിലങ്ങാട് രണ്ട് ഫിഷ് ലാന്റിംഗ് സെന്ററുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. മുഴപ്പിലങ്ങാട് കുടിവെള്ള പദ്ധതി, വൈദ്യുതീകരണ പദ്ധതി എന്നിവ പുരോഗമിച്ചുവരുന്നു.

കൈപ്പാട് നെല്ലും ചെമ്മീനും പദ്ധതി നടപ്പിലാക്കിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly